**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1656** **08-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടാമ്പി സംസ്കൃതകോളേജിന് ബസ് വാങ്ങാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | **Dr. R. Bindu**<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ആസ്തി വികസന ഫണ്ടിൽ നിന്നും പട്ടാമ്പി സംസ്കൃത കോളേജിനായി അനുവദിച്ചിട്ടുള്ള ബസ് വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ; എന്നുമുതൽ കോളേജിന് ബസ് ലഭ്യമാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ; | (എ) | പട്ടാമ്പി ശ്രീ.നീലകണ്ഠ സർക്കാർ സംസ്കൃത കോളേജിൽ ബസ് വാങ്ങുന്നതിനായി പട്ടാമ്പി എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ബസ് വാങ്ങുന്നതിന് '4202-01-800-83, Project under LACADS PURCHASE OF VEHICLES എന്ന പദ്ധതിയേതര ശീർഷകത്തിൽ നിന്നുമാണ് ചെലവ് വഹിക്കേണ്ടത്. നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ ടോക്കൺ വിഹിതം മാത്രമേ വകയിരിത്തിയിട്ടുള്ളൂ എന്നതിനാൽ ടി ശീർഷകത്തിൽ ചെലവ് വകയിരുത്തികൊണ്ട് പുതുക്കിയ ഭരണാനുമതി നൽകേണ്ടതുണ്ട്. ബസ് വാങ്ങുന്നതിനുള്ള നടപടി ക്രമങ്ങൾ പാലിച്ച ശേഷം അധിക ധനാനുമതി മുഖാന്തിരം തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിക്കാൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ബസ് വാങ്ങുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ? എങ്കിൽ തടസ്സം പരിഹരിച്ച് അടിയന്തരമായി ബസ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | പട്ടാമ്പി ശ്രീ.നീലകണ്ഠ സർക്കാർ സംസ്കൃത കോളേജിൽ ബസ് വാങ്ങുന്നതിനായി പട്ടാമ്പി എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ബസ് വാങ്ങുന്നതിന് '4202-01-800-83, Project under LACADS PURCHASE OF VEHICLES എന്ന പദ്ധതിയേതര ശീർഷകത്തിൽ നിന്നുമാണ് ചെലവ് വഹിക്കേണ്ടത്. നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ ടോക്കൺ വിഹിതം മാത്രമേ വകയിരിത്തിയിട്ടുള്ളൂ എന്നതിനാൽ ടി ശീർഷകത്തിൽ ചെലവ് വകയിരുത്തികൊണ്ട് പുതുക്കിയ ഭരണാനുമതി നൽകേണ്ടതുണ്ട്. ബസ് വാങ്ങുന്നതിനുള്ള നടപടി ക്രമങ്ങൾ പാലിച്ച ശേഷം അധിക ധനാനുമതി മുഖാന്തിരം തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിക്കാൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ